# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## അനങ്ങനടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.പി.കെ.ഡി.പി16-1634/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 27/10/2025
ഇ-മെയിൽ:
dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അനങ്ങനടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.പി16-1634/25 തീയ്യതി: 27/10/2025

# പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-08-2024 മുതൽ 22-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2025 | 03-10-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2025 | 03-10-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രാജൻ.കെ - ഓഡിറ്റ് ഓഫീസർ

ശ്രീ. രാജൻ.കെ.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ഷീജ.വി.ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. അനിത.കെ - സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ചന്ദ്രൻ.പി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ജലജകുമാരി.എ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഋഷികേശ്.എച്ച്.കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2024 | 30-10-2024 |
| ശ്രീ.ശബ്ന.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 31-10-2024 | 31-01-2025 |
| ശ്രീമതി.അഞ്ജു പ്രകാശ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-02-2025 | 03-03-2025 |
| ശ്രീമതി.സബിത.വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 04-03-2025 | 31-03-2025 |
| ഡോ.രേണു.എസ്.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി.അഞ്ജു ജയചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2024 | 03-04-2024 |
| ശ്രീമതി.മനീഷ.പി.കെ. | കൃഷി ഓഫീസർ | 04-04-2024 | 15-05-2024 |
| ശ്രീ.ജസ്ബീർ.കെ. മൊയ്തീൻ | കൃഷി ഓഫീസർ | 16-05-2024 | 10-07-2024 |
| ശ്രീമതി.ഫർസാന ജബീൻ.ടി.പി. | കൃഷി ഓഫീസർ | 11-07-2024 | 13-10-2024 |
| ശ്രീമതി.അയിഷ.വി.വി. | കൃഷി ഓഫീസർ | 14-10-2024 | 31-03-2025 |
| ഡോ.സൌമ്യ.വി.എം. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2024 | 01-08-2024 |
| ഡോ.ധന്യ.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 02-08-2024 | 10-03-2025 |
| VACANT | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 11-03-2025 | 25-03-2025 |
| ഡോ.ധന്യ.എസ്.പി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 26-03-2025 | 31-03-2025 |
| ഡോ.ജയചന്ദ്രൻ.പി.കെ | വെറ്ററിനറി സർജൻ | 01-04-2024 | 14-04-2024 |
| ഡോ.സോണ.ആർ | വെറ്ററിനറി സർജൻ | 15-04-2024 | 31-03-2025 |
| ശ്രീമതി.പ്രസന്ന.ടി.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 24-03-2025 |
| ശ്രീമതി.ശ്രീലത.വി.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-03-2025 | 31-03-2025 |
| ശ്രീമതി.ആശ.എ.എസ്. | വി.ഇ.ഒ. | 01-04-2024 | 11-02-2025 |
| ശ്രീമതി.നാദിയ.സി. | വി.ഇ.ഒ. | 12-02-2025 | 31-03-2025 |
| ശ്രീമതി.ദീപ.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-07-2025 |
| ശ്രീമതി.രേഖ ജയൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-08-2024 | 31-03-2025 |
| ശ്രീമതി.കാഞ്ചന.കെ.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-12-2024 |

| | | | |
|---|---|---|---|
| ശ്രീ.അസ്ലാം.എസ്.വൈ. | അസിസ്റ്റന്റ് സെക്രട്ടറി | 31-12-2024 | 31-03-2025 |
| ശ്രീമതി.ശബ്ന.എ. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 28-02-2025 |
| ശ്രീമതി.ശ്രുതി,ആർ.നായർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-03-2025 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി വിവരങ്ങൾ കാലികമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 10 | സാമൂഹ്യക്ഷേമ പെൻഷൻ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 15 | കടമുറിയുടെ വാടക | 1-12 |
| 16 | വാടക കുടിശ്ശിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-12-1 |
| 17 | നിർദ്ദിഷ്ട മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല | 1-12-2 |
| 18 | വാടകയിന്മേൽ ബാധകമായിട്ടുള്ള ജി എസ് ടി ഈടാക്കുന്നില്ല. | 1-12-3 |
| 19 | റീക്കൺസിലിയേഷൻ | 1-13 |
| 20 | ഗ്രാമപഞ്ചായത്തിന് ക്വാറികളിൽ നിന്ന് ലഭ്യമാകുന്ന സി.എസ്.ആർ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചതിന്റെ രേഖകളില്ല- | 1-14 |
| 21 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- പൂർണ്ണമായി ലഭ്യമായില്ല | 1-15 |
| 22 | കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-16 |
| 23 | സിസിടിവി ക്യാമറ സ്ഥാപിക്കൽ- പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ ചമച്ചില്ല | 1-18 |
| 25 | കുടിവെള്ള പദ്ധതികളുടെ പരിപാലന ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല | 1-19 |
| 26 | എബിസി പ്രോഗ്രാം- വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 27 | ഒന്നാം ഗഡു കൈപ്പറ്റി 6 വർഷം കഴിഞ്ഞ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല- | 1-21 |
| 28 | ഫിഷറീസ് സബ് ഇൻസ്പെക്ടർ -പ്രോജക്ടുകൾ നിർവഹണം നടത്തിയില്ല | 1-22 |
| 29 | ആസ്തി പരിപാലനം/ ആസ്തികളുടെ അപ്ഡേഷൻ വിവരങ്ങൾ | 1-23 |
| 30 | മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-24 |
| 31 | ജൽജീവൻ മിഷൻ പദ്ധതി അവലോകനം | 1-25 |
| 32 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-26 |
| | **ഭാഗം 2** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് ആരോഗ്യ ഇൻഷൂറൻസ് -പ്രീമിയം തുക അടവാക്കിയ വിവരങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ-സംഗ്രഹം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **അനങ്ങനടി** ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025. തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.07.2025 തീയതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്
തീയതി:27-10-25

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 ആസ്തി വിവരങ്ങൾ കാലികമല്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(a) - Accumulated Depreciation , B-11(c)- Capital Expenses (Productive Sector), B-11(c)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്)

## 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5800363 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2798675 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

28-02-2025 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2024-25 വർഷത്തെ പരിഷ്കരിച്ചബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 6717669 |
| തൻവർഷം വരവ് | 23339096 |
| ആകെ വരവ് | 30056765 |
| ചെലവ് | 221199349 |
| നീക്കിയിരിപ്പ് | 1738918 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22874073 |
| വരവ് | 51728443 |

| | |
|---|---|
| ആകെ | 74602516 |
| ചെലവ് | 45928080 |
| നീക്കിയിരിപ്പ് | 28674436 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 16686000 | 16686000 | 16621000 | 65000 |
| വികസനഫണ്ട് -എസ്.സി.പി | 0 | 9407000 | 9407000 | 9276747 | 130253 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 48675000 | 48675000 | 45505350 | 3169650 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 3803000 | 3803000 | 3289581 | 513419 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 2080353 | 3115671 | 5196024 | 3342188 | 1853836 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 5546344 | 6667500 | 12213844 | 4404225 | 7809619 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ് ട്രഷറി | 0 | 3342188 | 3342188 | 25046 | 3367234 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | 0 | 1669465 | 1669465 | 475524 | 1193941 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ട്രഷറി | | | | | |

**കേന്ദ്രാവിഷ്കൃതം**

| ഫണ്ട് | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 643761 | 1873391 | 2517152 | 573317 | 1943835 |
| TSC | 553526 | 0 | 553526 | 0 | 553526 |
| Swach Barath Abiyan | 0 | 72000 | 72000 | 72000 | 0 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 801279 | 391757 | 1193036 | 480280 | 712756 |
| ഹെൽത്ത് ഗ്രാന്റ് (Towards Buildingless Sub Centres PHC& CHCs) | 2814519 | 75221 | 2889740 | 499354 | 2390386 |
| ഹെൽത്ത് ഗ്രാന്റ് ( Conversion To Wellness Centres) | 255800 | 602165 | 857965 | 232188 | 625777 |

**ബി) തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 321 | 1157460 | 1157781 | 1157528 | 253 |
| തൊഴിലാളികളുടെ വേതനം | 0 | 17851979 | 17851979 | 17851979 | 0 |
| ആകെ | 321 | 19009439 | 19009760 | 19009507 | 253 |

**C)സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 767123 | 0 | 767123 | 0 | 767123 * |
| ലൈഫ് മിഷൻ | 1267000 | 100000 | 1367000 | 900000 | 467000** |

*AFS ൽ 320100198 എന്ന ഹെഡിൽ ശുചിത്വമിഷൻ+PBIG തുകകൾ ഉൾപ്പെടെയുള്ളതാണ്.

** ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റിന്റെ ബാലൻസ് 22000 ഉൾപ്പെടെയുള്ള 467000 രൂപയാണ് AFS ൽ ലൈഫ് മിഷന്റെ ബാലൻസായി ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 283 | 158554102 | 241 | 96519705 | 85 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 4490069 | 3197382 | 71 |
| വെറ്ററിനറി സർജ്ജൻ | 5 | 3 | 594239 | 256781 | 43 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 8 | 4242641 | 2675983 | 63 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 747722 | 747675 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 528661 | 528314 | 100 |
| വി.ഇ.ഒ | 20 | 19 | 53766522 | 17300810 | 32 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | 15 | 10 | 6858510 | 5147099 | 75 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 900000 | 700000 | 78 |
| സെക്രട്ടറി | 35 | 28 | 7203683 | 5864996 | 82 |
| അസി.സെക്രട്ടറി | 8 | 6 | 3259900 | 1725764 | 53 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 171 | 152 | 77210158 | 58374901 | 76 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 400000 | 0 | 0 |
| ആകെ | 283 | 241 | 15855410 | 96519705 | 61 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി

പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 321 | 1157460 | 1157781 | 1157528 | 253 |
| തൊഴിലാളികളുടെ വേതനം | 0 | 17851979 | 17851979 | 17851979 | 0 |
| ആകെ | 321 | 19009439 | 19009760 | 19009507 | 253 |

## 1-7 സാമൂഹ്യക്ഷേമ പെൻഷൻ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1233200 | 74 |
| 2 | വിധവാ പെൻഷൻ | 16941600 | 1133 |
| 3 | വാർദ്ധക്യകാല പെൻഷൻ | 33266400 | 2264 |
| 4 | വികലാംഗ പെൻഷൻ | 4777600 | 274 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2015000 | 130 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2025 തീയിതിയിൽ 3.00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 1835/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. വികസന ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് ഫണ്ടുകൾ ലാപ്സാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഫിഷറീസ് സബ് ഇൻസ്പെക്ടർ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ പരിപാലന ചുമതല ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്. ലൈഫ് മിഷൻ പദ്ധതിയിൽ പൂർത്തിയാക്കാത്ത ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

23-1-2016 മുതൽ 6-2-2016 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

6.10.2023 തിയതിയിലെ A&G (HQ)III/III/8A-2374/2015-16/166 Dt. 6.10.2023 നം. കത്ത് പ്രകാരം ഓഡിറ്റ് റിപ്പോർട്ട് തീർപ്പാക്കി.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 10-1-2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**1-11 വിവിധ തൊഴിലുകളിൽ ഏർപ്പെടുന്ന ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), (2) പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധവർഷവും ആകെ 60 ദിവസത്തിൽ കുറയാതെ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ അനങ്ങനടി ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിലുകളിൽ ഏർപ്പെട്ട ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.വില്ലേജ് ഓഫീസ് അനങ്ങനടി

2. കൃഷ്ണകുമാർ ക്ലീനിക്ക്

3. VRS ഗ്രാനൈറ്റ് വർക്ക്സ്

4.PT ADS പനമണ്ണ

5.ഗ്രാമപഞ്ചായത്തു പരിധിയിൽ മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ള കരാറുകാർ, റേഷൻ കടകൾ, കള്ളുഷോപ്പുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ.

6. അനങ്ങനടി ഗ്രാമപഞ്ചായത്ത് പരിധിയിലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ചേരമ്പറ്റ കാവ് ക്ഷേത്രത്തിലെ ജീവനക്കാർ. ഗ്രാമപഞ്ചായത്ത് പരിധിയിൽ ദേവസ്വം ബോർഡിനുകീഴിലുള്ള മറ്റ് ക്ഷേത്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

മേൽ പറഞ്ഞവയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/29.09.2025) മറുപടിയായി തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-12 കടമുറിയുടെ വാടക**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കോതകുറിശ്ശിയിലെ വെയിറ്റിങ് ഷെഡിലെ മുറി ലേലം ചെയ്യാതെ 5% വാടക വർദ്ധനവോടുകൂടി കച്ചവടം നടത്തുവാൻ ശ്രീ.മുഹമ്മദ്

മക്കടയിൽ എന്ന വ്യക്തിക്ക് 28.05.2021 തീയതിയിലെ ഭരണസമിതി തീരുമാന നമ്പർ 1/1 പ്രകാരം അനുവദിച്ചിരുന്നു. 4125 രൂപയാണ് പ്രതിമാസം വാടക ആയി നിലവിൽ ഈടാക്കിവരുന്നത്. കടമുറിയുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-12-1 വാടക കുടിശ്ശിക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

**1.വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

1.2024-25 വാർഷിക ധനകാര്യ പത്രിക (ബാലൻസ്ഷീറ്റ് B-15) പ്രകാരം വാടക ഇനത്തിൽ തൻവർഷ കുടിശ്ശിക 225688/- രൂപ ആണ്. 4125 രൂപയാണ് പ്രതിമാസം വാടക ആയി ഈടാക്കുന്നത്. തൻവർഷം ടിയാൻ വാടക അടവാക്കിയില്ലായിരുന്നെങ്കിൽ കുടിശ്ശികയാവുന്ന തുക 49500 ആണ്.

2.2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക ഇനത്തിൽ ആകെ മുൻ വർഷങ്ങളിലെ കുടിശ്ശിക 150688/- (ബാലൻസ്ഷീറ്റ് B-15) രൂപയും വാടക രജിസ്റ്റർ പ്രകാരം 31.03.2024 വരെയുള്ള കുടിശ്ശിക 170579.50 രൂപയുമാണ്. കൂടാതെ ടിയാൻ തൻവർഷം കുടിശ്ശിക ഇനത്തിൽ 75000 രൂപ ( 1240205992/29.03.2025) അടവാക്കിയിട്ടുമുണ്ട്. എന്നാൽ ആയത് 2024-25 വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ്ഷീറ്റ് B-15) ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2024-25 വാർഷിക ധനകാര്യ പത്രികയിൽ തൻവർഷ കുടിശ്ശികയായി ഭീമമായ തുക കാണിച്ചതിനും മുൻ വർഷങ്ങളിലെ കുടിശ്ശികയിൽ നിന്ന് ടിയാൻ അടവാക്കിയ 75000/- രൂപ കുറവു ചെയ്യാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/03.10.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം.

വാടക കുടിശ്ശികയുടെ കൃത്യത ഉറപ്പുവരുത്തി തുക ഈടാക്കി അറിയിക്കേണ്ടതാണ്.

**1-12-2 നിർദ്ദിഷ്ട മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല**

2005 പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടം 7 പ്രകാരം വസ്തു വാടകയ്ക്കോ, പാട്ടത്തിനോ നൽകുമ്പോൾ ഉപചട്ടം (2) ൽ നിബന്ധനകൾക്ക് അനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്. എന്നാൽ ടിയാനുമായി സെക്രട്ടറി എഗ്രിമെന്റ് ചമച്ചിട്ടില്ല. ഈ വിഷയം മുൻ വർഷങ്ങളിൽ ഓഡിറ്റ് ചൂണ്ടികാണിച്ചിട്ടും (ഓഡിറ്റ് അന്വേഷണം : 06/06.12.2023, 09/21.08.2024) നാളിതുവരെ എഗ്രിമെന്റ് ചമയ്ക്കാനുള്ള നടപടികൾ കൈകൊണ്ടിട്ടില്ല.(ഓഡിറ്റ് അന്വേഷണം : 18/03.10.2025)

തുടർനടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

**1-12-3 വാടകയിന്മേൽ ബാധകമായിട്ടുള്ള ജി എസ് ടി ഈടാക്കുന്നില്ല.**

2017 ലെ കേരള സി ജി എസ് ടി, എസ് ജി എസ് ടി നിയമപ്രകാരം വാടക എന്നത് സേവനത്തിൽ ഉൾപ്പെടുന്നതാണ്. ആയതിന് ജി എസ് ടി ബാധകമാണ്. എന്നാൽ വാടകയിന്മേൽ ബാധകമായിട്ടുള്ള ജി എസ് ടി വാടകക്കാരനിൽ നിന്ന് ഈടാക്കുന്നുണ്ടെങ്കിലും ജി.എസ്.ടി ഹെഡിൽ അടവാക്കുന്നില്ല. വാടക കുടിശ്ശികയായി തൻവർഷം 75000/- രൂപ ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ്. എന്നാൽ ടി തുകയ്ക്ക് ആനുപാതികമായുള്ള സി ജി എസ് ടി, എസ് ജി എസ്

ടി എന്നിവ അടവാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം :18/03.10.2025)

2017 ലെ ജി.എസ്.ടി നിയമങ്ങൾ പ്രകാരം വാടകയിന്മേൽ ബാധകമായിട്ടുള്ള ജി.എസ്.ടി തുക അതത് മാസം തന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-13 റീക്കൺസിലിയേഷൻ**

**1.2024-25 സാമ്പത്തിക വർഷത്തെ ബാങ്ക് റീക്കൺസിലിയേഷൻ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം | ബാങ്ക് / ട്രഷറി അക്കൗണ്ട് നം | 31.03.2025ലെ നീക്കിയിരിപ്പ് (ILGMSബാങ്ക് ബുക്ക് പ്രകാരം) | 31.03.2025ലെ നീക്കിയിരിപ്പ് (SBIപാസ് ബുക്ക് പ്രകാരം) | വ്യത്യാസം |
|---|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അനങ്ങനടി-57061195858 | 12465938 | 12661230 | **80495 -** Cheque Deposited But Not Cleared, **275787-** Cheque Issued But Not Presented |

Cheque Deposited But Not Cleared , Cheque Issued But Not Presented Into Bank എന്നിങ്ങനെ രേഖപ്പെടുത്തിയ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/26.09.2025) മറുപടിയായി തെറ്റായി തുകകൾ ഇരട്ടിപ്പായി രേഖപ്പെടുത്തിയതിനാലാണെന്നും കെ.സ്മാർട്ടിൽ റീക്കൺസിലിയേഷൻ ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ബാങ്കിൽ നിന്ന് പിൻവലിക്കാത്ത കാലാവധി കഴിഞ്ഞ ചെക്കുകൾ പ്രകാരമുള്ള തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സമയബന്ധിതമായി തയ്യാറാക്കുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ [28.03.2011 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ-83/11/എൽ.എസ്.ജി.ഡി] അദ്ധ്യായം 6 ചട്ടം 57 പ്രാകാരം ബാങ്ക് ബുക്കുകളുടെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റെയും അവസാനം ലഭിക്കുന്ന ബാങ്ക്/ ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. റീക്കൺസിലിയേഷൻ പൂർത്തിയായി കഴിഞ്ഞാൽ അടുത്ത മാസം 5ാം തീയതിക്കുള്ളിൽ അക്കൗണ്ടന്റ് ബാങ്ക്/ട്രഷറി എന്നിവയുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
എന്നാൽ ഗ്രാമപഞ്ചായത്തിലുള്ള ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 2025 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിലെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയതായി കാണുന്നില്ല. കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (07/26.09.2025)മറുപടിയായി കെ.സ്മാർട്ടിൽ റീക്കൺസിലിയേഷൻ ഓപ്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 ഗ്രാമപഞ്ചായത്തിന് ക്വാറികളിൽ നിന്ന് ലഭ്യമാകുന്ന സി.എസ്.ആർ ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിച്ചതിന്റെ രേഖകളില്ല-

കേന്ദ്ര പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നമ്പർ: OM (F.No.22-65/2017-IA.III Dated 1.05.2018), OM (F.No.22-65/2017-IA.III Dated

30.09.2020) എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത **(CSR)** പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ **പ്രധാന നിർദ്ദേശങ്ങൾ** ചുവടെ ചേർക്കുന്നു.

1. ക്വാറിയുടെ സി.എസ്.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ മാത്രം നടത്തേണ്ടതാണ്.

2. ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

3. സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്ന പ്രദേശത്തിലെ വ്യക്തികൾ/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുമായി കൂടിയാലോചിച്ച് തയ്യാറാകുന്ന സി,എസ്.ആർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ SEIAA (***SEIAA- State Environmental Impact Assessment Authority)*** യ്ക്ക് സത്യവാങ്മൂലമായി പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമർപ്പിക്കേണ്ടതാണ്.

4. സി.എസ്. ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൌണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജണൽ ഓഫീസിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2024-25 വാർഷിക ധനകാര്യപത്രിക പ്രകാരം 200000/- (32400199- Grants, Funds& Contributions For Specific Purposes) രൂപ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഗ്രാൻഡ്ടെക് സാന്റ് ആന്റ് അഗ്രിഗേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്വാറിയിൽ നിന്ന് തനത് ഫണ്ടിലേക്ക് തുക ലഭ്യമായിട്ടുണ്ട്. പ്രസ്തുത ക്വാറി ലഭ്യമാക്കിയ പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ/ സി.ഇ.ആർ (Corporate Social Responsibility/Corporate Environmental Responsibilities) പ്രവർത്തനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ നടത്തണമെന്ന നിബന്ധനയിലാണ് പരിസ്ഥിതി ക്ലിയറൻസ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നം, തീ | പരിസ്ഥിതി ക്ലിയറൻസ് ഉത്തരവ് നം | നടപ്പാക്കാനുദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ തുക | മോണിറ്ററിംഗ് അതോറിറ്റി |
|---|---|---|---|---|---|
| 1 | ഗ്രാൻഡ്ടെക് സാന്റ് ആന്റ് അഗ്രിഗേറ്റ് പ്രൈവറ്റ് ലിമിറ്റഡ് | 400769/ Rptl20/ Gpo/2024/628 Dtd:08.02.2024 (01.04.2024 To31.03.2027 | 1369/ EC1/2019/ SEIAA | **Providing Financial Assistance For Public Health Centre, Ananganadi (2020 To 2024 - 200000/- Each)** | അനങ്ങനടി ഗ്രാമപഞ്ചായത്ത് |

| | | വരെ) | | | |
|---|---|---|---|---|---|

**09.06.2023 ലെ നം:എഫ് .എം.1/20/2023/എൽ.എസ്.ജി.ഡി** സർക്കുലർ പ്രകാരം സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ 2013 ലെ കമ്പനീസ് ആക്ട് (അമെൻമെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്ത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തവുമാണ്.

ഗ്രാൻഡ്ടെക് സാന്റ് ആന്റ് അഗ്രിഗേറ്റ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും മുൻ വർഷങ്ങളിൽ ലഭ്യമായതും തൻവർഷം രസീത് നമ്പർ 1240000337/31.03.2025 പ്രകാരം ലഭ്യമായതുമായ തുക വിനിയോഗിച്ച് നടത്തിയ പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/03.10.2025) മറുപടിയായി 2023 ഡിസംബറിലാണ് ക്വാറിയുടെ പ്രവർത്തനം പുന:രാരംഭിച്ചതെന്നും ആദ്യ വർഷത്തെ തുകയാണ് സ്ഥാപനം അടവാക്കിയതെന്നുമാണ് അറിയിച്ചിരിക്കുന്നത്.തുടർ വർഷങ്ങളിൽ ബാക്കി തുക അടവാക്കുന്നതാണെന്നും സ്ഥാപനഉടമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിട്ടുണ്ട്.കൂടാതെ ലഭ്യമായ സി.എസ്.ആർ തുകയ്ക്ക് ഭരണ സമിതിയുടെ അംഗീകാരത്തോടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

- ക്വാറി പോലുള്ള പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഹാജരാക്കുന്ന പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റിൽ നിർദ്ദേശിച്ചിട്ടുള്ള സി.എസ്.ആർ പ്രവർത്തനങ്ങൾ ഓരോ വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഉതകുന്ന മോണിറ്ററിംങ് സംവിധാനം കൊണ്ടുവരേണ്ടതാണ്.
- ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി വിനിയോഗിക്കേണ്ടതും നിലവിൽ സി.എസ്.ആർ പരിധിയിൽ ഉൾപ്പെടുത്തേണ്ടതായ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ച് അവയെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്.
- സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തുന്ന സി.എസ്.ആർ ഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവഴിക്കപ്പെടുന്നതിന് പ്രൊജക്ട് തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണെന്ന് 14 ാം പദ്ധതി മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ).നം.84/2022/ത.സ്വ.ഭ.വ) ഖണ്ഡിക 5.1(10) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് ആയത് പരിഗണിക്കാവുന്നതാണ്.

## <u>1-15 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- പൂർണ്ണമായി ലഭ്യമായില്ല</u>

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| പ്രോജക്ട് നം./ പേര് | SO 181/25, ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ |
| അടങ്കൽ | 350000 (റേഡിതരം) |
| ചെലവ് | 350000/- |
| ബിൽ നമ്പർ / തീയതി | 2/24-25 16.01.2025 |

മേൽ പദ്ധതി പ്രകാരം തുക പിൻവലിച്ച് The Kerala State Homoeopathic Co Operative Pharmacy Limited ന്റെ മാനേജിംഗ് ഡയറക്ടറുടെ 34306403911/SBIN0012873 (കൈചൂണ്ടി ബ്രാഞ്ച്, എസ്.ബി.ഐ) എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇതിൽ 180918 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന 169082 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (05/20.09.2025) മറുപടിയായി 30.09.2025(Invoice No:LF 1567, 25.09.2025)ന് 88007/- രൂപയുടെ മരുന്നുകൾ ലഭ്യമായതായും ബാക്കി 81075/- രൂപയുടെ തുകയുടെ മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16 കുടിവെള്ള വിതരണം - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല**

വരൾച്ച മൂലം കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ജി പി എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ളം വിതരണം നടത്തുന്നതിന് താഴെ പറയുന്ന സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു

| സർക്കാർ ഉത്തരവ് നം & തിയതി | അനുവദനീയമായ കാലയളവ് | പരമാവധി ചെലവഴിക്കാവുന്ന തുക |
|---|---|---|
| സ.ഉ(സാധാ) നം.405/2024/ LSGD, 19.2.24 | 16.03.2024-31.03.2024 | 6 ലക്ഷം |
| | 01.04.2024-31.05.2024 | 12 ലക്ഷം |

ഇത് പ്രകാരം 2024-25 വർഷം കുടിവെള്ള വിതരണത്തിനായി ILGMS ലെ താഴെ പ്പറയുന്ന ഫയലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്

1)ഫയൽ നം.400767/WSDW02/GPO/2024/1810 തീ.11.4.24 രൂ.351528.00(ഹെഡ്-230200102-Bulk Purchase Of Water For Distribution)

2)400767/WSDW02/GPO/2024/1852 തീ.18.4.24 രൂ.280800.00 (ഹെഡ് -230800111- Drinking Water Supply During Natural Calamity)

3)ഫയൽ നം.400767/WSDW02/GPO/2024/1918 തീ.19.4.24 രൂ.10872.00(ഹെഡ് 230800111-Drinking Water Supply During Natural Calamity)

4)ഫയൽ നം. 400767/WSDW02/GPO/2024/2032 തീ. 6.5.24 രൂ.328800.00230800111 (ഹെഡ് -230800111-Drinking Water Supply During Natural Calamity)

5)ഫയൽ നം.400767/WSDW02/GPO/2024/2278 തീ. 22.5.24 രൂ.3024000.00(ഹെഡ് -230800111-Drinking Water Supply During Natural Calamity)

6)ഫയൽ നം.400767/WSDW02/GPO/2024/2478 തീ. 03-06-2024 രൂ.328800.00(ഹെഡ് -230800111-Drinking Water Supply During Natural Calamity)

2024 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി കുടിവെള്ളം വിതരണം നടത്തിയതിന് വേണ്ടിവന്ന ചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| 230200102 \| Bulk Purchase Of Water For Distribution & 230800111 \| Drinking Water Supply During Natural Calamity | | | | |
|---|---|---|---|---|
| Date | Name | V.No | Amount | Remarks |
| 15-04-2024 | MUKESH V K (230200102) | 42400033 | 351,528.00 | 14.3.24 To 31.3.24 |
| 01-05-2024 | MUKESH V K (230800111) | 42400045 | 280,800.00 | 1.4..24 To 15.4.24 |
| 01-05-2024 | DEDUCTION DRINKING WATER (230800111) | 42400046 | 10,872.00 | 14.3.24 To 31.3.24( TDS) |
| 07-05-2024 | Shaji (230800111) | 42400073 | 6,150.00 | Water Testing Charges To KWA |
| 10-05-2024 | MUKESH V K (230800111) | 42400093 | 328,800.00 | 16.4.24 To 30.4.24 |
| 31-05-2024 | MUKESH V K (230800111) | 42400119 | 302,400.00 | 1.5.24 To 15.5.24 |
| 25-06-2024 | Mukesh V K (230800111) | 42400166 | 264,000.00 | 16.5.24 To 31.5.24 |
| | | ആകെ | 1544550.00 | |

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)വർക്ക് ഓർഡർ പ്രകാരം ക്വട്ടേഷൻ നോട്ടീസിലെ നിബന്ധനകൾക്ക് വിധേയമായി മാത്രം കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധീകരിച്ച പ്ലാന്റിൽ നിന്നും വെള്ളം ശേഖരിച്ച് വിതരണം നടത്തുവാനാണ് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതനുസരിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ശേഖരിച്ച വെള്ളത്തിന് ഓഡിറ്റ് തീയതി വരെ കേരള വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടില്ല.

2)വൗച്ചർ നം. 42400073 /07-05-2024 പ്രകാരം സ്വകാര്യ വ്യക്തികളുടെ കുഴൽകിണറുകളിലെ വെള്ളം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 6,150.00 രൂപ നൽകിയിട്ടുണ്ട്.സ്വകാര്യ സ്രോതസ്സിലെ കുടിവെള്ളത്തിന്റെ ലാബ് പരിശോധന നടത്തുന്നത് സംബന്ധിച്ച് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

3)സ.ഉ(സാധാ) നം.405/2024/LSGD, 19.2.24ഖണ്ഡിക 5 പ്രകാരം “GPS ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനും ആയതിന്റെ GPS ലോഗ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ILGMS ൽ GPS ലോഗ്

വിവരങ്ങൾ അപ്‌ലോഡ് ചെയ്തിട്ടില്ല. സമ്മറി വിവരങ്ങൾ മാത്രമാണുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിലും GPS ലോഗ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4)സ.ഉ(സാധാ) നം.405/2024/LSGD, 19.2.24ഖണ്ഡിക8 പ്രകാരം കുടിവെള്ള വിതരണത്തിന്റെ തുക നൽകുന്നതിന് മുമ്പ് GPS ലോഗും വാഹനത്തിന്റെ ലോഗും ക്രോസ്സ് ചെക്ക് ചെയ്യേണ്ടതാണ്. GPS – Vehicle Daily Trip Log Report ലെ വിവരങ്ങളും വാഹനത്തിന്റെ ലോഗ് ബുക്കും ഒത്തുനോക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 22/3.10.25 ന് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ അംഗീകരിച്ച ജിപിഎസ് ട്രാക്കിങ്ങ് സിസ്റ്റം ആണ് വാഹനങ്ങളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതെന്നും വാഹനത്തിന്റെ ലോഗും ജിപിഎസ്- Vehicle Daily Trip Log Report മായി ഒത്തു നോക്കാതിരുന്നത്, വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി ജിപിഎസ് ലോഗും വാഹനത്തിന്റെ ലോഗും ക്രോസ്സ് ചെക്ക് ചെയ്ത് കുടിവെള്ള വിതരണം യഥാർത്ഥത്തിൽ നടത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കുടിവെള്ള വിതരണം നടത്തേണ്ടതാണ്.

**1-17 സിസിടിവി ക്യാമറ സ്ഥാപിക്കൽ- പൂർത്തീകരിച്ചിട്ടില്ല**

പ്രോജക്ട്- SO 287/25 സിസിടിവി ക്യാമറ സ്ഥാപിക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 550000.00 (വികസന ഫണ്ട് ജനറൽ 69985.00 + ജില്ലാ പഞ്ചായത്ത് വിഹിതം 470015.00 + തനത് ഫണ്ട് -10000.00)

ചെലവ് -69985.00 (വികസന ഫണ്ട് ജനറൽ - ബിൽ നമ്പർ - 32/ 14.3.25)

മേൽ പ്രൊജക്ടിനായി കെൽട്രോണിൽ നിന്നും ലഭിച്ച ടെക്നിക്കൽ പ്രപ്പോസൽ, പ്രഫോർമ ഇൻവോയ്സ്, എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലും എം സി എഫിലും സിസിടിവി ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി 349925.00 രൂപയുടെ പ്രവൃത്തികൾക്കായി 11.02.25ന് കെൽട്രോണുമായി കരാർ ചമച്ചിട്ടുണ്ട്. കരാറിലെ 6-ാം വ്യവസ്ഥ അനുസരിച്ച് 45 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. ഈ പ്രവർത്തിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം, ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിവരം, കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ഇൻവോയ്സുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം . 6/26.9.25 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി താഴെ ചേർക്കുന്നു.

"*പ്രൊജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിൽ ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പുതിയതായി നിർമ്മിച്ച എംസിഎഫ് കെട്ടിടത്തിന് ഇലക്ട്രിക്കൽ സപ്ലൈ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയിൽ സംഭവിച്ച ചില സാങ്കേതികപ്രശ്നങ്ങൾ കാരണം ടി കെട്ടിടത്തിൽ വൈദ്യുതി സപ്ലൈ ലഭ്യമായിട്ടില്ല. ക്യാമറ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ആയത് പൂർണമായി സജ്ജമായിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ഇൻവോയ്സ് എന്നിവ കെൽട്രോണിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിലും ബിൽ തുക*

*അനുവദിക്കുന്നതിനുള്ള തുടർ നപടികൾ സ്വീകരിച്ചിട്ടില്ല. ടി പ്രശ്നം അടിയന്തിരമായി പരിഹരിച്ച് പ്രവൃത്തി പൂർണ തോതിൽ പ്രവർത്തനസജ്ജമാണെന്ന് ഉറപ്പ് വരുത്തി തുക അനുവദിക്കുന്നതിനുള്ള തുടർ നപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു."*

പ്രവർത്തി പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തികൾ- കരാർ ചമച്ചില്ല

താഴെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികൾക്കായി കെ എസ് ഇ ബി ലിമിറ്റഡിൽ തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | **സെക്രട്ടറി** |
| പ്രൊജക്ട് നമ്പർ, പേര് | 113/25 വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ തുക | 250000.00(വികസനഫണ്ട്-ജനറൽ 236253.00 + തനത് ഫണ്ട്-13747) |
| ചെലവ് തുക | 232102.00 |

**&**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 191/25 ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റൽ- തുക KSEB യിലേക്ക് ഡെപ്പോസിറ്റ് ചെയ്യൽ |
